# Godly solution for manly problems

## മാനുഷീക പ്രശ്നങ്ങൾക്ക് ദൈവീക മറുപടി

നമ്മുടെ ഇന്നത്തെ ചിന്താവിഷയം ഒരു വിഷയത്തിന്റെ മുഖത്ത് നാം എങ്ങനെ പ്രതികരിക്കും എന്നുള്ളതാണ്. ഓരോ ദിവസവും അനേക വിഷയങ്ങളുമായി ഏറ്റുമുട്ടുന്നവരാണ് നാം. പലപ്പോഴും നമ്മുടെ മുമ്പിലുള്ള പ്രശ്നം സാമ്പത്തീകമായിരിക്കാം. ആരെന്നെ സഹായിക്കും? ഇത്രയും വലിയ ഒരു തുക ഈ കുറഞ്ഞ സമയത്തിനുള്ളിൽ ഞാൻ എങ്ങനെ കണ്ടെത്തും? എന്നാൽ എല്ലാ പ്രശ്നങ്ങളും അങ്ങനെയായിരിക്കണമെന്നില്ല. സാഹചര്യങ്ങളുടെ മുന്നിൽ വരുമ്പോൾ നാം എന്തുചെയ്യും? എന്തെങ്കിലും ചെയ്താലല്ലേ പറ്റു. ഉത്തരവാദിത്തം മുഴുവനും എന്റെമേലാണ്. ഇതോടുള്ള ബന്ധത്തിൽ നമുക്ക് ഒരു വേദഭാഗം ശ്രദ്ധിക്കാം. യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം 1 മുതൽ 14 വരെയുള്ള വാക്യങ്ങൾ.

''ഒരു വലിയ പുരുഷാരം തന്റെ അടുക്കൽ വരുന്നതു കണ്ടിട്ട് യേശു ഫീലിപ്പോസിനോട് ഇവർക്ക് തിന്നുവാൻ നാം എവിടെ നിന്നും അപ്പം വാങ്ങും എന്ന് ചോദിച്ചു''. ഇതിന്റെ സാഹചര്യം എല്ലാം നമുക്കറിയാം. യോഗത്തിനു വരുന്നവർക്ക് ഭക്ഷണം കൊടുക്കാൻ പ്ലാനുണ്ടായിരുന്നെങ്കിൽ അത് നേരത്തെതന്നെ ചിന്തിക്കേണ്ടതാണ്. ഒരു function നടത്തുമ്പോൾ അവർക്ക് ആഹാരം കൊടുക്കാൻ പദ്ധതിയുണ്ടെങ്കിൽ അത് നേരത്തെ ചിന്തിച്ച് അതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം. എന്നാൽ ഇവിടെ അങ്ങനെയുള്ള യാതൊരു ക്രമീകരണങ്ങളും ചെയ്തിട്ടില്ല. യോഗം തന്നെ നേരത്തെ നിശ്ചയിച്ചിരുന്നതല്ല. ചെറിയ ഒരു മീറ്റിംഗായിട്ട് തുടങ്ങിയതാണ്. എവിടെനിന്നൊക്കെയൊ ആൾക്കാരു വരാൻ തുടങ്ങി. അവിടെ നാം ഇങ്ങനെയാണ് വായിക്കുന്നത്, ''അനന്തരം യേശു തിബര്യാസ് എന്ന ഗലീലക്കടലിന്റെ അക്കരെയ്ക്ക് പോയി. അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ട് ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു. യേശു മലയിൽ കയറി ശിഷ്യന്മാരോടുകൂടെ അവിടെ ഇരുന്നു''. പെസഹാ പെരുനാൾ അടുത്തിരുന്നതുകൊണ്ട് ദൂരെദേശത്തുനിന്നൊക്കെ വളരെ ആളുകൾ എത്തിയിട്ടുണ്ട്. യോഗത്തിന് ആളുകൾ വന്നുചേർന്നുകൊണ്ടിരിക്കയാണ്. നൂറുപേരെ കണ്ടുകൊണ്ട് എത്ര അപ്പം വേണമെന്ന് കണക്കുകൂട്ടി അപ്പം വാങ്ങിച്ചു എന്നിരിക്കട്ടെ. വിളമ്പിവരുമ്പോൾ 200 പേരുണ്ടെങ്കിൽ സംഘാടകർ എന്തു ചെയ്യും? അപ്പോൾ അതാണ് ഇവിടത്തെ സ്ഥിതി.

ജനം ഒരു നൂറിൽ കവിഞ്ഞാൽ ഒറ്റനോട്ടത്തിൽ ഇത്ര പേരുണ്ടെന്ന് കണക്കുകൂട്ടാൻ പ്രയാസമാണ്. അത് 1000 കഴിഞ്ഞാൽ പിന്നെ സാധിക്കയും ഇല്ല. ഒരു 2000 ഒക്കെ ആയിക്കഴിഞ്ഞാൽ പിന്നെ ഊഹം ഒട്ടും ശരിയാകയില്ല. പിന്നെ അപൂർവ്വം ചിലരെക്കൊണ്ട് അതു സാധിക്കും. അതിൽപ്പെട്ട ഒരാളായിരുന്നു ഫീലിപ്പോസ്. ഫീലിപ്പോസ് അവനോട് ഓരോരുത്തന് അൽപമൽപം ലഭിക്കേണ്ടതിന് 200 പണത്തിന് അപ്പം മതിയാകയില്ല എന്നുപറഞ്ഞു. അപ്പോൾ ഇവിടെ കൂടിവന്നിരിക്കുന്നവരുടെ കണക്കു നോക്കി അവരിൽ ഒരാൾക്ക് രണ്ടു കഷണം ബ്രെഡു വെച്ചു കൊടുക്കണമെങ്കിൽത്തന്നെ കുറഞ്ഞത് 200 പണത്തിന് അപ്പം വാങ്ങണം. അന്നത്തെ പണത്തിന്റെ വിലയെക്കുറിച്ചൊന്നും നമുക്കറിഞ്ഞുകൂടാ. ഈ കൂടിവന്നർ പുരുഷന്മാർ മാത്രമല്ല. സ്ത്രീകളും കുഞ്ഞുങ്ങളും ഉണ്ട്. യേശുവിന്റെ കൂടിവരവുകളിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രവേശനം ഉണ്ടായിരുന്നു. അതുകൊണ്ടാണല്ലൊ കുഞ്ഞുങ്ങളേയും കൊണ്ട് സ്ത്രീകൾ പ്രാർത്ഥിക്കുവാൻ വന്നപ്പോൾ അവരെ തടയരുത് എന്ന് യേശു പറഞ്ഞത്. എന്നാൽ യഹൂദന്മാരുടെ പൊതുകൂടിവരവുകളിൽ സ്ത്രീകൾക്ക് പ്രവേശനം ഇല്ലായിരുന്നു. എന്നാൽ യേശുവിന്റെ ഏതു മീറ്റിംഗിലും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും കടന്നുവരാം. അപ്പോൾ അയ്യായിരം പുരുഷന്മാർ എന്നു പറയുമ്പോൾ ഈ മീറ്റിംഗിൽ അയ്യായിരം സ്ത്രീകൾ എങ്കിലും കാണും. അത്രയും തന്നെ കുഞ്ഞുങ്ങളും കാണും. അപ്പോൾ 20000 പേർ ഉള്ള ഒരു വലിയ സമ്മേളനം ആണ് അവിടെ നടന്നത്.

സൗഖ്യം ലഭിക്കയില്ല എന്നു വിധിയെഴുതിയ പല രോഗികളും സൗഖ്യമായി. ഈ വാർത്ത വളരെ വേഗത്തിൽ ചുറ്റുപാടെല്ലാം പരന്നു. ഉള്ള ആളുകളെല്ലാം അവരുടെ രോഗികളേയും കൊണ്ട് വരാൻ തുടങ്ങി. പക്ഷവാദക്കാരെ കിടക്കയോടെ പൊക്കിയെടുത്ത് കൊണ്ടുവന്നവർ കാണും. ഇന്നാണെങ്കിൽ നമുക്ക് നല്ല വാഹനങ്ങൾ ഉണ്ട്. അല്ലെങ്കിൽ കിടത്തിക്കൊണ്ടുവരുവാൻ പാകത്തിന് നല്ല ആംബുലൻസുകളുണ്ട്. എന്നാൽ അന്ന് അതൊന്നുമില്ലായിരുന്നു എന്നു മാത്രമല്ല ആളുകളുടെ കയ്യിൽ പണവുമില്ലായിരുന്നു. മാത്രമല്ല, യേശുവിന്റെ അടുക്കൽ വന്ന ഒരു രോഗി പോലും സൗഖ്യമാകാതെ തിരിച്ചുപോയിട്ടില്ല. വന്നാൽ സൗഖ്യം ഉറപ്പ്. അവിടെ വന്നവരാരും ഭക്ഷണം കഴിക്കാൻ വേണ്ടി വന്നവരല്ല. ആ പ്രദേശത്ത് നല്ല ഹോട്ടലുകളുണ്ടോ എന്നന്വേഷിച്ചിട്ടല്ല ആരും അവിടെ വന്നിരിക്കുന്നത്. യോഗത്തിനു പോയാൽ എപ്പോൾ മടങ്ങിവരാനൊക്കും എന്ന് ആരും ചിന്തിച്ചില്ല. രാത്രിയായാൽ തിരിച്ചുപോരാൻ വാഹനങ്ങൾ കിട്ടുമോ എന്ന് ആരും ചിന്തിക്കച്ചില്ല. മഴ പെയ്യാൻ സാദ്ധ്യയുണ്ടോ എന്ന് നോക്കിയില്ല. ഇതാണ് യഥാർത്ഥ ഉണർവ്വെന്നു പറയുന്നത്.

എന്നാൽ ഇവിടെ മറ്റൊരു ചിന്തയുണ്ട്, അതായത്, എനിക്കും നിങ്ങൾക്കും വിശക്കുമെന്ന് നമ്മൾ ചിന്തിക്കുന്നതിനു മുമ്പെ കർത്താവറിഞ്ഞിരുന്നു. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ നമ്മുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, പിള്ളാരുടെ വിദ്യാഭ്യാസം, ജോലി, കല്യാണം എന്നിങ്ങനെയുള്ള സകല ആവശ്യങ്ങളും കൂടെ സാധിപ്പിച്ചു തരാൻ കർത്താവ് വിശ്വസ്തനാണ്. കർത്താവ് അതിനൊന്നും ഒരു മുടക്കവും വരുത്തുകയില്ല. നാം ചിന്തിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായിട്ട് കർത്താവു വഴി നടത്തും. ഈ സംഭവം മത്തായിയുടെ സുവിശേഷത്തിൽ നോക്കുമ്പോൾ മറ്റൊരു കാര്യം കൂടെ അവിടെ കാണാം. ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ ചെന്ന് ഒരു നിവേദനം സമർപ്പിക്കയാണ്. ഗുരോ, യോഗം എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം, നേരം വൈകുന്നു, ഇത് മരുഭൂമിയാണ്, യോഗം എത്രയും പെട്ടെന്ന് അവസാനിപ്പിച്ചില്ലെങ്കിൽ ഇവർക്ക് തിരിച്ചുപോകാൻ സാധിക്കയില്ല. അടുത്തുള്ള ഊരുക്കളിൽ പോയി അവർ ഭക്ഷണസാധനങ്ങൾ കൊള്ളട്ടെ. എന്നുപറ

ഞ്ഞാൽ കാശുള്ളവർ അവനവന്റെ പോക്കറ്റിൽ നിന്നും പൈസാ എടുത്ത് വാങ്ങിച്ചു തിന്നുന്ന കാര്യമാണ് ശിഷ്യന്മാർ പറഞ്ഞത്. അപ്പോൾ കർത്താവു പറയുകയാണ്, അവർ പോകുവാൻ ആവശ്യമില്ല, നിങ്ങൾ തന്നെ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പീൻ.

കർത്താവിന്റെ ശിഷ്യനായ ഫീലിപ്പോസ് പെട്ടെന്നൊരു കണക്കെല്ലാം കൂട്ടി. ആളുകളുടെ എണ്ണമെടുത്തു. ഭക്ഷണത്തിനു വില ചോദിച്ചു. എന്നിട്ട് ഇത്ര പണം വേണം എന്ന് കണക്കുകൂട്ടി. കാര്യങ്ങളെ വസ്തുനിഷ്ഠമായി പഠിച്ച് കണക്കുകൂട്ടാൻ കഴിവുള്ള ഒരാൾ യേശുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നാണ് നാം ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. അതത്ര ചെറിയ കാര്യമൊന്നുമല്ല. ഫീലിപ്പോസ് ഒരു സർവെ നടത്തിയിട്ടു പറഞ്ഞു, ഇരുനൂറു പണം ഉണ്ടെങ്കിൽ കുറെശ്ശെ കുറെശ്ശെ കൊടുക്കാം. പക്ഷെ പണമുണ്ടോ? ഇല്ല. ഈ അഭിപ്രായത്തിന് യേശു മറുപടിയൊന്നും പറഞ്ഞില്ല. ഇത്രയുമായപ്പോൾ വേറൊരാൾ അടുത്തുവന്നു, അദ്ദേഹത്തിന്റെ പേരാണ് അന്ത്രയോസ്. അയാളു വന്നിട്ടു പറയുകയാണ്, ഇവിടെ ഒരു ബാലകനുണ്ട്, അവന്റെ പക്കൽ അഞ്ച് യവത്തപ്പവും രണ്ടു മീനും ഉണ്ട്. 20000 ആളുകളിരിക്കുന്നിടത്ത് 200 പണമുണ്ടെങ്കിൽ ഓരോ കഷണം ബ്രെഡു കൊടുക്കാമെന്ന് ഫീലിപ്പോസ് പറഞ്ഞ് അങ്ങോട്ടു മാറിയതേയുള്ളു. അപ്പോഴിതാ വരുന്നു, ആഡ്രൂസ്. കൂട്ടത്തിൽ ഒരു കൊച്ചനും ഉണ്ട്. അവന്റെ കൈയ്യിലാണെങ്കിൽ അഞ്ചപ്പവും രണ്ടുമീനും ഉണ്ട്. എന്താ ഇതുമതുമായിട്ടുള്ള ബന്ധം? ഒന്നാമത്തേത് മാനുഷികമായ ബുദ്ധിപരമായ കണക്കുകൂട്ടലിൽ നിന്നുള്ള ഒരവതരണം. രണ്ടാമത്തേത് വിശ്വാസത്തിന്റെ ഒരു പദ്ധതി. യേശു ആരാണെന്നും അവൻ എന്തിനുവേണ്ടിയാണിതൊക്കെ പറഞ്ഞതെന്നും ചിന്തിക്കാൻ കഴിവുള്ള ആളായിരുന്നു ആൻഡ്രൂസ്. ആഡ്രൂസിന് മനസ്സിലായി യേശു ഇവിടെ ഒരു വലിയ അത്ഭുതം പ്രവർത്തിക്കാൻ പോകയാണ്. ഫീലിപ്പോസ് സ്വാഭാവികമായിട്ടുള്ള കാര്യമാ പറഞ്ഞത്. തെറ്റല്ല, കറക്റ്റു കാര്യമാ പറഞ്ഞത്. ഫീലിപ്പോസ് നല്ല മനുഷ്യനാണ്. അയാൾ ബുദ്ധിയുടെ മണ്ഡലത്തിൽ ഒരു സാധാരണ മനുഷ്യൻ ചിന്തിക്കുന്ന കാര്യം പറഞ്ഞു. എന്നാൽ ആൻഡ്രൂസ് സാധാരണ മനുഷ്യൻ ചിന്തിക്കുന്ന കാര്യമല്ല പറഞ്ഞത്. ദൈവമനുഷ്യൻ ചിന്തിക്കുന്ന കാര്യമാ പറഞ്ഞത്. ദൈവമനുഷ്യൻ എന്നു പറഞ്ഞാലെന്താ? എനിക്കെന്തു ചെയ്യാൻ കഴിയും, നിങ്ങൾക്കെന്തു ചെയ്യാൻ കഴിയും, സമൂഹത്തിനെന്തു ചെയ്യാൻ കഴിയും എന്നല്ല ദൈവത്തിനെന്തു കഴിയും എന്നാണ് ഒരു ദൈവമനുഷ്യൻ ചിന്തിക്കുന്നത്. ഫീലിപ്പോസ് കുറച്ചു കാലങ്ങളേയായിട്ടുള്ളു യേശുവിന്റെ ശിഷ്യഗണത്തിൽ കൂടിയിട്ട്. എന്നാൽ അന്ത്രയോസ് ആദ്യം മുതലെ ഉള്ള ആളാണ്. കാനാവിലെ കല്യാണത്തിൽ വെച്ച് പച്ചവെള്ളം വീഞ്ഞാക്കിയ സംഭവം തൊട്ട് എല്ലാം നേരിൽ കണ്ടു മനസ്സിലാക്കിയ ആളാണ് അന്ത്രയോസ്.

സുഹൃത്തുക്കളെ, നമ്മുടെ ജീവിതത്തിലെ പ്രശ്നങ്ങളെ മാനുഷികമായി കൈകാര്യം ചെയ്യാൻ ശ്രമിച്ചാൽ അതിനെല്ലാം ഒരു പരിധിയുണ്ട്. മാനുഷീകമായി ചെയ്യാൻ പറ്റാത്ത ചില വിഷയങ്ങളും നമ്മുടെ ജീവിതത്തിൽ കടന്നുവരും. നമ്മുടെ ബുദ്ധിക്കപ്പുറത്ത്, നമ്മുടെ പരിധിക്കപ്പുറത്ത്, നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറത്ത്, കാര്യങ്ങൾ നീണ്ടുപോയി എന്നു വരാം. അപ്പോൾ അമാനുഷീകമായി ദൈവത്തിനു മാത്രം ചെയ്യാൻ പറ്റുന്ന ഒരു പദ്ധതികൂടെ നാം മനസ്സിൽ കാണണം. നമ്മുടെ ജീവിതത്തിൽ ദൈവനാമം മഹത്വപ്പെടാൻ വേണ്ടിയാണ് ഇതൊക്കെ ദൈവം വെച്ചിരിക്കുന്നത്. മാനുഷീകമായ കണക്കുകൂട്ടലുകൾ തെറ്റാണെന്നോ അതു വേണ്ടെന്നോ അല്ല ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. ഫീലിപ്പോസ് പറഞ്ഞ അഭിപ്രായത്തിന് കർത്താവു മറുപടിയൊന്നും പറഞ്ഞില്ല എന്നുവെച്ച് അവനെ അവഗണിച്ചു എന്നോ തരംതാഴ്ത്തിയെന്നോ അതിനർത്ഥമില്ല.

ഇവിടെ ആൻഡ്രൂസ് വന്നു പറയുന്നു, ഇവിടെ ഒരു ബാലകനുണ്ട്. അവന്റെ കൈയ്യിൽ അഞ്ചപ്പവും രണ്ടുമീനും ഉണ്ട്. യേശു അതിങ്ങു കൊണ്ടുവരാൻ പറഞ്ഞു. അവൻ കൊണ്ടുവന്നു. അതു ധാരാളം മതി. ആൻഡ്രൂസെന്താ ഇങ്ങനെ പറയാൻ കാര്യം? കാനാവിലെ കല്യാണത്തിൽ വെച്ച് അവിടത്തെ വെള്ളമാണ് കർത്താവ് വീഞ്ഞാക്കി മാറ്റിയത്. അങ്ങനെയാണെങ്കിൽ നമ്മുടെ കൈയ്യിലുള്ളത് എന്താണെങ്കിലും അതു സമർപ്പിച്ചാൽ ബാക്കി കാര്യം കർത്താവു നോക്കിക്കൊള്ളും എന്നുള്ള വലിയ ആത്മീയപാഠം അന്ത്രയോസ് അതിൽനിന്ന് പഠിച്ചിരുന്നു. അന്ത്രയോസിന്റെ വാക്കിനകത്തൊരു വിശ്വാസം ഉണ്ടെന്ന് കർത്താവു കണ്ടു. കർത്താവ് ശിഷ്യന്മാരെ പന്തിപന്തിയായി ഇരുത്തുവാൻ കൽപ്പിച്ചു. ഇതും നമുക്ക് ചിന്തിക്കാൻ അൽപം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ വെറും അഞ്ചപ്പം രണ്ടുമീനും കൈയ്യിൽ പിടിച്ചുകൊണ്ടാണ് പുരുഷാരത്തെ മുഴുവൻ ഇരുത്തുവാൻ കർത്താവു പറയുന്നത്. ഒന്നും കാണാതെ ഇങ്ങനെ ഇരുത്തുവാൻ നമുക്കാണെങ്കിൽ ധൈര്യം വരുമോ? ഒന്നും സംഭവിച്ചില്ലെങ്കിൽ ആളുകൾ ബഹളം കൂട്ടുകയില്ലേ? എന്നാൽ ശിഷ്യന്മാരെല്ലാവരും ചേർന്ന് ആളുകളെ ഇരുത്തി. പുരുഷന്മാരുടെ എണ്ണം തന്നെ 5000 ഉണ്ട്. അപ്പോൾ അന്ത്രയോസ് മാത്രമല്ല മറ്റു ശിഷ്യന്മാരും ഈ വിശ്വാസത്തിന്റെ ഈ പ്രവർത്തിയിൽ പങ്കുചേർന്നു എന്നു മനസ്സിലാക്കാം. ഫീലിപ്പോസും അതിൽ പങ്കുചേർന്നു. താനൊരു അഭിപ്രായം പറഞ്ഞു, കർത്താവതു സ്വീകരിച്ചില്ല, എന്നുവെച്ച് ഞാനിനിയും കർത്താവിന്റെ കൂടെയില്ല, സഭ മാറിയേക്കാം എന്നൊന്നും ഫീലിപ്പോസ് ചിന്തിച്ചില്ല. ഇന്നാണെങ്കിൽ സഭ മാറുന്നതിന് ഈ കാരണം ധാരാളം മതി. ആളുകളെ ശിഷ്യന്മാർ പന്തിപന്തിയായി ഇരുത്തിയതു കണ്ടശേഷമാണ് യേശു അഞ്ചപ്പവും രണ്ടുമീനുമായി സ്റ്റേജിലോട്ട് കയറുന്നത്. വാക്യം.11 - ''പിന്നെ യേശു അപ്പം എടുത്തുവാഴ്ത്തി ഇരുന്നവർക്ക് പങ്കിട്ടുകൊടുത്തു. അങ്ങനെ തന്നെ മീനും വേണ്ടുന്നിടത്തോളം കൊടുത്തു''.

വാക്യം 12- ''അവർക്ക് തൃപ്തിയായശേഷം അവൻ ശിഷ്യന്മാരോട് ശേഷിച്ച കഷണം ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പീൻ എന്നു പറഞ്ഞു. അഞ്ചു യവത്തപ്പത്തിൽ നിന്നും ശേഷിച്ച കഷണം അവർ ശേഖരിച്ചു 12 കൊട്ട നിറച്ചെടുത്തു. അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ട് ലോകത്തിലേക്ക് വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു''.

ഇതിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠം എന്താണ്? ഏതു വിഷയത്തേയും നമുക്ക് മാനുഷീകമായിട്ട് കാണാം, ദൈവീകമായിട്ടും കാണാം. മാനുഷീകമായി നമ്മൾ കാര്യങ്ങൾ ചെയ്യണം. എല്ലാം ദൈവം നോക്കിക്കോളും എന്നു പറഞ്ഞ് വെറുതെ നോക്കിയിരിക്കാൻ പാടില്ല. നമ്മുടെ പരിധിയിൽപ്പെട്ടതും നമ്മളെക്കൊണ്ട് നിർവ്വഹിക്കുവാൻ കഴിയുന്നതുമായ ഒരായിരം കാര്യങ്ങൾ കാണും. എന്നാൽ നമ്മുടെ പരിധിക്കപ്പുറത്ത് കാര്യങ്ങൾ നീങ്ങുമ്പോൾ ഓർക്കണം നാം ഒറ്റയ്ക്കല്ല ദൈവം കൂടെ ഉണ്ട്. നിങ്ങൾക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയാത്ത ഒരു വിഷയത്തിന്റെ മുന്നിൽ നിങ്ങൾ ഇപ്പോൾ ആയിരിക്കയാണോ? എങ്കിൽ ഈ സന്ദേശം നിങ്ങൾ കേട്ടത് നന്നായി. നിങ്ങളുടെ ബുദ്ധിയിലും കഴിവിലും നിങ്ങൾക്ക് കൈകാര്യം ചെയ്യാൻ മേലാത്ത ഒരു വിഷയത്തിലാണ് നിങ്ങൾ ഇപ്പോൾ നിൽക്കുന്നതെങ്കിൽ ഓർക്കുക. നിരാശപ്പെടരുത്. ധൈര്യം കൈവെടിയരുത്. നിങ്ങൾ വിഷയം കർത്താവിനെ ഏൽപ്പിക്കുക.